## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4076 03.02.2014-ൽ മറുപടിക്ക്**

**റിട്ട.ഡോ.ജി.റ്റി.രാഗത്തിന്റെ പെൻഷൻ ആനുകൂല്യങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീമതി.ഇ.എസ്.ബിജിമോൾ** | **ശ്രീ.വി.എസ്.ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) എറണാകുളം ജനറൽ ഹോസ്പിറ്റലിലെ ഡോ.ജി.റ്റി.രാഗം ആരോഗ്യ വകുപ്പിൽ നിന്നും 31.05.1991-ൽ വിരമിച്ചു എങ്കിലും ടിയാളുടെ പെൻഷൻ ആനുകൂല്യങ്ങൾ നാളിതുവരെ അനുവദിച്ച് ഉത്തരവ് ആയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) 1991-ൽ സർവീസിൽ നിന്നും വിരമിച്ച ഡോ.ജി.റ്റി.രാഗം പെൻഷൻ ആനുകൂല്യങ്ങൾക്കുള്ള അപേക്ഷ സമർപ്പിക്കുന്നത് 2013-ൽ മാത്രമാണ്. അതുപ്രകാരം അക്കൗണ്ടന്റ് ജനറൽ 02.05.2013 മുതൽ പെൻഷൻ അനുവദിച്ചിട്ടുണ്ടെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) ആരോഗ്യവും കുടുംബക്ഷേമവും വകുപ്പിലെ ഫയൽ നമ്പർ 27745/എ 2/2013-ൽ സ്വീകരിച്ച നടപടികളെക്കുറിച്ച് വ്യക്തമാക്കാമോ;<br><br>(സി) ടിയാൾക്ക് പെൻഷൻ നാളിതുവരെ നൽകാതിരിക്കുന്നതിന് കാരണം വിശദമാക്കാമോ;<br><br>(ഡി) അർഹതപ്പെട്ട മുഴുവൻ പെൻഷൻ കുടിശ്ശികയും നല്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുന്നതോടൊപ്പം പെൻഷൻ നല്കാൻ കാലതാമസം വരുത്തിയ ഉദ്യോഗസ്ഥർക്ക് എതിരെ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി), (സി) & (ഡി) ഡോ.ജി.റ്റി.രാഗം സർക്കാരിൽ സമർപ്പിച്ച നിവേദനത്തിന്മേലുള്ള ആരോഗ്യ വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് പരിശോധിച്ചു വരികയാണ്.<br>31.05.1991-ൽ സർവീസിൽ നിന്നും വിരമിച്ച ഡോ.ജി.റ്റി.രാഗം പെൻഷൻ ആനുകൂല്യങ്ങൾക്കുള്ള അപേക്ഷ സമർപ്പിക്കുന്നത് 2013-ൽ മാത്രമാണ്. അക്കൗണ്ടന്റ് ജനറൽ 02.05.13 മുതൽ പെൻഷൻ അനുവദിച്ചിട്ടുണ്ടെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അക്കൗണ്ടന്റ് ജനറൽ സമർപ്പിച്ച സർവീസ് സംബന്ധിച്ച വിശദാംശങ്ങളിൽ നിന്നും ഡോ.ജി.റ്റി.രാഗം 03.09.65-ൽ സർവീസിൽ പ്രവേശിക്കുകയും 05.05.68 മുതൽ 27.10.70 വരെ ശൂന്യവേതനാവധിയിലും, 10.11.76 മുതൽ 09.11.77 വരെ ഇറാനിൽ ഡെപ്യൂട്ടേഷനിലും 10.11.77 മുതൽ 20.08.81 വരെ ശൂന്യവേതനാവധിയിലുമായിരുന്നു എന്നു കാണുന്നു. കൂടാതെ 14.02.82 മുതൽ 21.04.82 വരെ അനധികൃതമായി ജോലിക്കു ഹാജരാകാതിരിക്കുകയും 01.10.84 മുതൽ 30 ദിവസം ആർജ്ജിതാവധിയിൽ പ്രവേശിക്കുകയും ചെയ്തു. തുടർന്ന് സർവീസിൽ പുനഃപ്രവേശിച്ചതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നടപടിയെടുത്തു വരികയാണ്. പെൻഷൻ ആനുകൂല്യങ്ങൾ നല്കുന്നതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്ത് വീഴ്ചയുണ്ടായതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ